(സി) ഫോറൻസിക് പരിശോധനാ ഫലം കാലതാമാസം കൂടാതെ ലഭ്യമാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി പുതിയതായി 14 തസ്തികകൾ ഈ സർക്കാരിന്റെ കാലത്ത് അനുവദിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ കൊച്ചി ആസ്ഥാനമാക്കി പുതിയ ഒരു റീജിയണൽ ഫോറൻസിക് ലാബിന്റെ പ്രവർത്തനം തുടങ്ങാനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. പുതിയ കൊച്ചി ലാബുകൂടി പ്രവർത്തനക്ഷമമാകുമ്പോൾ വേഗത്തിൽ ഫോറൻസിക് റിപ്പോർട്ടുകൾ ലഭ്യമാക്കാൻ കഴിയും.

നഗരൂർ പോലീസ് സ്റ്റേഷൻ അനുവദിക്കാൻ നടപടി

184 (1928) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം എവിടെയെല്ലാമാണ് പുതിയ പോലീസ് സ്റ്റേഷനുകൾ അനുവദിച്ചതെന്നും, ഇതിൽ ഏതെല്ലാം പ്രവർത്തന മാരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) നഗരൂർ കേന്ദ്രമായി പോലീസ് സ്റ്റേഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം പ്രദേശമാണ് നഗരൂർ പോലീസ് സ്റ്റേഷൻ പരിധിയായി തീരുമാനിച്ചിട്ടുള്ളത്;

(ഡി) നഗരൂർ ഗ്രാമപഞ്ചായത്ത് കെട്ടിടവും മറ്റ് ഭൗതിക സാഹചര്യങ്ങളു മൊരുക്കാമെന്ന് തീരുമാനമെടുത്ത നഗരൂർ പോലീസ് സ്റ്റേഷൻ എത്രയും പെട്ടെന്ന് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചുവടെ ചേർത്തിരിക്കുന്ന പോലീസ് സ്റ്റേഷനുകളാണ് അനുവദിച്ചത് :

1 മരട് (കൊച്ചി സിറ്റി)

2 അരുവിക്കര (തിരുവനന്തപുരം റൂറൽ)

3 അയിരൂർ (തിരുവനന്തപുരം റൂറൽ)

4 മാരായമുട്ടം (തിരുവനന്തപുരം റൂറൽ)

LIBRARY ARCHIVES Kerala Legislative Assembly

5 കല്ലടിക്കോട് (പാലക്കാട്)

6 പൂക്കോട്ടുമ്പാടം (മലപ്പുറം)

7 മീനാക്ഷിപുരം (പാലക്കാട്)

8 നരുവാമൂട് (തിരുവനന്തപുരം റൂറൽ)

9 വാഗമൺ (ഇടുക്കി)

10 എളമക്കര (കൊച്ചി സിറ്റി)

11 ഗുരുവായൂർ ടെമ്പിൾ (തൃശ്ശൂർ സിറ്റി)

12 മുളംകുന്നത്തുകാവ് (തൃശ്ശൂർ മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ, തൃശ്ശൂർ സിറ്റി)

13 മുല്ലപ്പെരിയാർ (ഇടുക്കി)

14 സൈബർ പോലീസ് സ്റ്റേഷൻ (കൊച്ചി സിറ്റി)

15 വനിതാ പോലീസ് സ്റ്റേഷൻ (കൊല്ലം സിറ്റി)

16 വനിതാ പോലീസ് സ്റ്റേഷൻ (ആലപ്പുഴ)

17 വനിതാ പോലീസ് സ്റ്റേഷൻ (കോട്ടയം)

18 വനിതാ പോലീസ് സ്റ്റേഷൻ (തൃശ്ശൂർ റൂറൽ)

19 വനിതാ പോലീസ് സ്റ്റേഷൻ (മലപ്പുറം)

20 വനിതാ പോലീസ് സ്റ്റേഷൻ (കണ്ണൂർ)

21 ട്രാഫിക് പോലീസ് സ്റ്റേഷൻ (കാസർഗോഡ്)

22 ട്രാഫിക് പോലീസ് സ്റ്റേഷൻ (മണ്ണാർക്കാട്)

23 ചിതറ പോലീസ് സ്റ്റേഷൻ (കൊല്ലം റൂറൽ)

24 മലയാലപ്പുഴ (പത്തനംതിട്ട)

LIBRARY ARCHIVES Kerala Legislative Assembly

25 മാഞ്ഞൂർ (കോട്ടയം)

26 മൂട്ടം (ഇടുക്കി)

27 തങ്കമണി (ഇടുക്കി)

28 എടത്തല (എറണാകുളം റൂറൽ)

29 ചെറുപുഴ (കണ്ണൂർ)

30 കാടാമ്പുഴ (മലപ്പുറം)

മേൽപ്പറഞ്ഞ പോലീസ് സ്റ്റേഷനുകളിൽ ചിതറ, മലയാലപ്പുഴ, മാഞ്ഞൂർ, എടത്തല, ചെറുപുഴ, കോട്ടയം വനിതാ പോലീസ് സ്റ്റേഷൻ, മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ എന്നിവ ഒഴികെയുള്ളവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി-ഡി) അനുയോജ്യമായ ഭൂമിയോ കെട്ടിടമോ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നടപ്പാത കയ്യേറ്റം സമരക്കാർക്കെതിരെ നടപടി

185 (1929) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പാതകൾ കയ്യേറി സമരം നടത്തുന്നതും, മറ്റു തരത്തിലുള്ള തടസ്സങ്ങൾ സൃഷ്ടിക്കുന്നതും ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) ഇത്തരം സംഭവങ്ങൾക്കെതിരെ എവിടെയെങ്കിലും പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ജില്ലകളിൽ ഇത്തരം സംഭവങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly